# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൂതക്കുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM.P5/2043/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 22/03/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂതക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM.P5/2043/22 തീയ്യതി: 22/03/2023

## കൊല്ലം ജില്ലയിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-07-2021 മുതൽ 29-09-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 09-07-2021 മുതൽ 30-09-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അമ്പിളി എം.ഡി | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 12-10-2022 | 20-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-10-2022 | 20-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.നവീൻ ചന്ദ്രൻ (ഓഡിറ്റ് ഓഫീസർ ഹ.ഗ്രേ)
ശ്രീമതി ഷീജ ആർ ( അസി. ഓഡിറ്റ് ഓഫീസർ)
ശ്രീമതി ജൂഡിറ്റ് വർഗ്ഗീസ് (സീനി.ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി റജിന എ.എസ് (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. അമ്മിണിയമ്മ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി. വി. ജി. ഷീജ | സെക്രട്ടറി | 01-04-2021 | 31-03-2022 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ഷൈനിവിശ്വംഭരൻ | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ. ബിജു.പി എസ് | അസി.എഞ്ചിനിയർ | 01-04-2021 | 18-07-2021 |
| ശ്രീമതി.ധന്യ എസ് നായർ | അസി.എഞ്ചിനിയർ | 19-07-2021 | 31-03-2022 |
| ശ്രീമതി.ശ്രീവൽസ പി.ശ്രീനിവാസൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ഷാലുമോൾ എസ്.എസ് | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.മഞ്ജുഷ കെ.സി | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീ.അജയകുമാർ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി.ശോഭനാ ഉപേന്ദ്രനാഥ് | ഫിഷറീസ് ഓഫീസർ | 01-04-2021 | 01-12-2021 |
| ശ്രീമതി.രജലക്ഷ്മി | ഫിഷറീസ് ഓഫീസർ | 02-12-2021 | 31-03-2022 |
| ശ്രീമതി.ബീന | ഡയറിഫാം ഓഫീസർ | 01-04-2021 | 02-07-2021 |
| ശ്രീ.വിനീത് വി | ഡയറിഫാം ഓഫീസർ | 02-07-2021 | 31-03-2022 |
| ശ്രീമതി ലതിക പി.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ. രോഹിത് ജി | എം ജി എൻ ആർ ജി എസ് അസി. എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ഡോ.ബിൻസിമോൾ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. ആരതി. എസ്. എസ്. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ.ലാലി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷികകണക്കുകളുടെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്ഷേമപെ**ൻ**ഷ**ൻ** - അപാകതകൾ | 1-7-1 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 13 | കെട്ടിടനികുതി നിർണ്ണയിച്ചിട്ടില്ല. | 1-11 |
| 14 | ഉപയോഗക്രമത്തിനനുസരിച്ച് കെട്ടിടഭാഗങ്ങളുടെ നികുതി നിർണയിക്കുന്നില്ല. | 1-12 |
| 15 | ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. | 1-13 |
| 16 | പ്രവർത്തനരഹിതമായ ടാപ്പുകൾക്ക് വെള്ളക്കരം - തുടർനടപടികൾ അനിവാര്യം | 1-14 |
| 17 | വിനിയോഗരേഖകൾ ഹാജരാക്കിയില്ല. | 1-15 |
| 18 | കന്നുകുട്ടി പരിപാലനം - വിനിയോഗരേഖ ഹാജരാക്കിയില്ല, | 1-16 |
| 19 | തുക മുൻകൂറായി ഒടുക്കിയെങ്കിലും സ്കാനർ ലഭ്യമാക്കിയില്ല. | 1-17 |
| 20 | അങ്കണവാടി - പോഷകാഹാരം - കൽപ്പദാരു അമൃതം ഫുഡ് സപ്ലിമെന്റിന് അധിക തുക നൽകി. | 1-18 |
| 21 | കരിയിലക്കുളം തോട് മാലിന്യം നീക്കൽ - തുക തിരികെ ഈടാക്കിയില്ല. | 1-19 |
| 22 | കേരള മെഡിക്ക**ൽ** സ**ർ**വ്വീസസ് കോ**ർ**പ്പറേഷനി**ൽ** നിന്നും 72,244/-രൂപയുടെ മരുന്നുക**ൾ**/ഉപകരണങ്ങൾ ലഭിച്ചിട്ടില്ല. | 1-20 |
| 23 | ഇ-ടെണ്ട**ർ** വരവ് തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേയ്ക്ക് ട്രാ**ൻ**സ്ഫ**ർ** ക്രെഡിറ്റ് ചെയ്തിട്ടില്ല. | 1-21 |
| 24 | പാന**ൽ** എ**ൻ**ജിനീയ**ർ**മാ**ർ** മുഖേന നടത്തുന്ന ഇലക്ട്രിക്ക**ൽ** പ്രവൃത്തിക**ൾ** - സ**ർ**ക്കാ**ർ** നി**ർ**ദ്ദേശങ്ങ**ൾ** പാലിയ്ക്കുന്നില്ല. | 1-22 |
| 25 | നി**ർ**വ്വഹിക്കാത്ത പ്രവൃത്തിയ്ക്ക് തുക അനുവദിച്ചു. | 1-23 |
| 26 | കളിപൊയ്കയിലും സ്കൂളുകളിലും ഇൻസിനേറ്ററും നാപ്കിൻ വെന്റിംഗ് യൂണിറ്റും | 1-24 |

| | | |
|---|---|---|
| | സ്ഥാപിക്കൽ - വൈദ്യുതി കണക്ഷൻ നൽകി ഇൻസ്റ്റാൾ ചെയ്യുകയോ കമ്മീഷൻ ചെയ്യുകയോ ചെയ്തിട്ടില്ല. | |
| 27 | ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല. | 1-25 |
| 28 | ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം | 1-26 |
| 29 | കളിപൊയ്കകയിൽ ടേക്ക് എ ബ്രേക്ക് കെട്ടിട നിർമ്മാണം – കുട്ടികളുടെ പാർക്ക് നശിച്ച നിലയിൽ | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | അങ്കണവാടി - പോഷകാഹാരം - കൽപ്പദാത്ര അമൃതം ഫുഡ് സപ്ലിമെന്റിന് അധിക തുക നൽകി. | 3-1 |
| 2 | നിർവ്വഹിക്കാത്ത പ്രവൃത്തിയ്ക്ക് തുക അനുവദിച്ചു. | 3-2 |
| 3 | കളിപൊയ്കയിലും സ്കൂളുകളിലും ഇൻസിനേറ്ററും നാപ്കിൻ വെന്റിംഗ് യൂണിറ്റും സ്ഥാപിക്കൽ - വൈദ്യുതി കണക്ഷൻ നൽകി ഇൻസ്റ്റാൾ ചെയ്യുകയോ കമ്മീഷൻ ചെയ്യുകയോ ചെയ്തിട്ടില്ല. | 3-3 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധം-3 | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

06/03/2021 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 17/03/22 തീയതിയിലെ 2 (1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2022 | 27-04-2022 | - | - |

### 1-2-1 വാർഷികകണക്കുകളുടെ അപാകതകൾ

1. MGNREGS-ന്റെ I-6ലെ തുകയും I-14(a) യിലെ തുകയും പൊരുത്തപ്പെടുന്നില്ല.
2. തൻവർഷം NREGS ന്റെ അഡ്മിൻ ഫണ്ട് ചെലവ് തുക രേഖകൾ പ്രകാരം 9,65,229/-രൂപയാണ്. എന്നാൽ വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുക 9,62,629/-രൂപയാണ്.
3. വികസനഫണ്ട് ജനറൽ എ.സി.ആർ പ്രകാരമുള്ള ചെലവ് തുക പ്രോജക്ട് നം-76 പ്രകാരമുള്ള 2,22,000/-രൂപയും കൂടി ഉൾപ്പെടുത്തി 1,71,08,218/-രൂപയാണ്. എന്നാൽ ടി പ്രോജക്ടുകൾ പ്രകാരമുള്ള ചെലവ് തുക സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.
4. മെയിന്റനൻസ് ഫണ്ട് നോൺറോഡ് എ.സി.ആർ പ്രകാരമുള്ള ചെലവ് തുകയിൽ പ്രോജക്ട് നം - 155, പ്രോജക്ട് നം-30 എന്നിവ പ്രകാരമുള്ള തുകകൾ ഉൾപ്പെട്ടിരിക്കുന്നു. എന്നാൽ ടി തുകകൾ സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.
5. തൻവർഷം പാർട്ട്ബിൽ പ്രകാരം ചെലവഴിച്ച തുക 11,97,927/-രൂപയാണ്. എന്നാൽ അക്കൗണ്ട്സിൽ രേഖപ്പെടുത്തിയ തുക 2,08,854/-രൂപയാണ്.
6. വസ്തുനികുതി ഇനത്തിലുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല.
7. സി.എഫ്.സി ടൈഡ് സുലേഖ പ്രകാരമുള്ള യഥാർത്ഥ ചെലവ് 59,85,967/-രൂപയാണ്. എന്നാൽ ബാങ്കിൽ നിന്നും തൻവർഷം ചെലവഴിച്ച തുക 57,81,067/-രൂപയാണ്. പ്രോജക്ട് നം.148 പ്രകാരമുള്ള തുക 2,04,900/-രൂപ തൻവർഷം ബാങ്കിൽ നിന്നും പിൻവലിച്ചില്ല. ആയതിനാൽ ടി തുകയുടെ വ്യത്യാസം നിലനിൽക്കുന്നു.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,99,15,215/-രൂപ |
| വരവ് | 9,43,30,657/-രൂപ |
| ആകെ | 11,42,45,872/-രൂപ |
| ചെലവ് | 10,03,17,121/-രൂപ |
| നീക്കിയിരിപ്പ് | 1,39,28,751/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | 57,047/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 43,29,884/-രൂപ |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 2,15,01,277/- | 2,15,01,277/- | 1,98,15,952/- | 16,85,325/- |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1,11,96,740/- | 1,11,96,740/- | 1,06,52,000/- | 5,44,740/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് | 0 | 28,11,627/- | 28,11,627/- | 15,81,973/- | 12,29,654/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – പെർഫോർമൻസ് ഗ്രാന്റ് – അൺടൈഡ് | 0 | 4,19,683/- | 4,19,683/- | 3,61,914/- | 57,769/- |
| മെയിന്റനൻസ്, റോഡ് | 0 | 1,12,55,000/- | 1,12,55,000/- | 89,07,197/- | 23,47,803/- |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 71,87,162/- | 71,87,162/- | 65,40,406/- | 6,46,756/- |
| | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ്, അൺടൈഡ് | 0 | 97,64,073/- | 97,64,073/- | 94,12,470/- | 3,51,603/- |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| MNREGS | 2,465/- | 9,62,764/- | 9,65,229/- | 9,65,229/- | 0 |
| സമ്പൂർണ ശുചിത്വം | 3,21,809/- | 12,436/- | 3,34,245/- | 14,602/- | 3,19,643/- |
| ഐ.സി.ഡി.എസ് | 18,95,822/- | 9,65,788/- | 28,61,610/- | 18,00,000/- | 10,61,610/- |
| ശുചിത്വമിഷൻ | 32,17,636/- | 7,20,000/- | 39,37,636/- | 18,03,604/- | 21,34,032/- |
| SNP, അർബൻ കോർപ്പറേഷൻ ഫണ്ട് | 7,20,138/- | 6,98,000/- | 14,18,138/- | 14,18,138/- | 0 |
| ഖരമാലിന്യ സംസ്കരണം | 7,50,790/- | 0 | 0 | 0 | 7,50,790/- |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ബയോഡൈവേഴ്സിറ്റി | 7,40,000/- | 69,189/- | 8,09,189/- | 6,19,701/- | 1,89,488/- |
| പകർച്ചാവ്യാധിഫണ്ട് | 13,39,426/- | 38,18,669/- | 51,58,095/- | 0 | 51,58,095/- |
| ഖരമാലിന്യ സംസ്കരണം | - | 10,175/- | 10,175/- | 0 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ്(രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 150 | 10,93,92,969/- | 99 | 7,28,10,843/- | 26 | 25 | 66% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2,465/- | 9,62,764/- | 9,65,229/- | 9,65,229/- | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,25,33,000/- | 3,25,33,000/- | 3,25,33,000/- | 0 |

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) |
|---|---|
| തൊഴിൽരഹിത വേതനം | 1,30,920/- |
| കർഷകതൊഴിലാളി പെൻഷൻ | 33,00,500/- |
| വിധവാപെൻഷൻ | 2,80,85,600/- |
| വാർദ്ധക്യകാലപെൻഷൻ | 3,56,14,900/- |
| വികലാംഗപെൻഷൻ | 73,16,900/- |
| 50 വയസ്സിനുമേലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 2,80,85,600/- |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 3,60,000/- |

1-7-1 ക്ഷേമപെൻഷൻ - അപാകതകൾ

സേവന സോഫ്റ്റ് വെയറും 2021-22 വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചതിൽ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കൾ മരണമടഞ്ഞതിന് ശേഷവും പെൻഷൻ വിതരണത്തിനായി ബാങ്കുകൾക്ക് തുക അനുവദിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | പെൻഷൻ തരം | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്യാനായി നൽകിയ തുക (₹) |
|---|---|---|---|---|---|---|
| 1 | ഓമന | 103600201160 | വാർദ്ധക്യകാല പെൻഷൻ | 16/09/21 | 09/21 - 8/22 | 9,200/- |
| 2 | ഗോപാലകൃഷ്ണപിള്ള | 103600200631 | വാർദ്ധക്യകാല പെൻഷൻ | 29/01/2021 | 2/21 – 8/22 | 30,400/- |
| 3 | പുഷ്പവല്ലി | 103600600576 | വിധവാ പെൻഷൻ | 26/01/2021 | 02/21 – 08/22 | 12,600/- |
| 4 | ശിവരാമപിള്ള | 103600100319 | കർഷകതൊഴിലാളി പെൻഷൻ | 15/01/2021 | 01/21 - 1/22 | 18,900/- |
| 5 | സുരേന്ദ്രൻ | 103600202600 | വാർദ്ധക്യകാല പെൻഷൻ | 25/05/21 | 5/21 – 10/21 | 9,600/- |
| 6 | ലളിതാഭായി | 103600201843 | വാർദ്ധക്യകാല പെൻഷൻ | 24/06/21 | 06/21 – 12/21 | 9,600/- |
| 7 | സരസമ്മ | 103600200182 | വാർദ്ധക്യകാല പെൻഷൻ | 21/2/21 | 2/21 - 10/21 | 14,200/- |

| | | | | | | |
|---|---|---|---|---|---|---|
| 8 | ലക്ഷ്മി | 103600600618 | വിധവാ പെൻഷൻ | 11/3/21 | 3/21 - 10/21 | 12,000/- |
| 9 | മധുസൂതനൻ | 103600200468 | വാർദ്ധക്യകാല പെൻഷൻ | 09/06/21 | 6/21 - 1/22 | 11,200/- |
| 10 | വസന്തകുമാരി അമ്മ | 103600201032 | വാർദ്ധക്യകാല പെൻഷൻ | 3/6/21 | 6/21 - 10/21 | 9,600/- |
| ആകെ | | | | | | 1,37,300/- |

പെൻഷണർമാരുടെ മരണശേഷവും പെൻഷൻ വിതരണത്തിനായി ബാങ്കുകൾക്ക് നൽകിയ തുക വിതരണം ചെയ്യാൻ സാധിച്ചില്ലെന്ന് ഡി.ബി.റ്റി. വിവരങ്ങളിൽ ചേർത്തിട്ടുണ്ട്. അർഹതയില്ലാത്ത കാലയളവിലേക്ക് അനുവദിച്ച പെൻഷൻ തുക സർക്കാരിലേക്ക് അടവാക്കുന്നതിനും സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഗുണഭോക്താക്കൾക്ക് അർഹതയില്ലാത്ത കാലയളവിലേക്ക് അനുവദിച്ച തുകകൾ ബാങ്കുകളിൽ നിന്നും സർക്കാരിലേക്ക് അടവാക്കുന്നതിന് കത്ത് നല്കിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ രീതിയിൽ നല്കിയിട്ടുള്ള തുക തിരികെ ഈടാക്കേണ്ടതും കൂടാതെ പെൻഷണർമാരുടെ മരണശേഷവും പെൻഷൻ വിതരണത്തിനായി ബാങ്കുകൾക്ക് നൽകുകയും, തുക വിതരണം ചെയ്യാൻ സാധിച്ചില്ലെന്ന് ഡി.ബി.റ്റി. വിവരങ്ങളിൽ ചേർത്തിട്ടുള്ളതുമായ തുകകൾ ബാങ്കുകളിൽ നിന്നും സർക്കാരിലേക്ക് അടവാക്കി രേഖകൾ ഹാജരാക്കേണ്ടതും സമാനമായി അർഹതയില്ലാത്ത കാലയളവിലേക്ക് പെൻഷൻ തുക അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് സർക്കാരിലേക്ക് അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 06/19.10.2022

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.10.2022 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 13,507/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൌണ്ട് ചെയ്യുന്നുണ്ട്. മാനുവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ടച്ചുമതലയുള്ളവർ കർത്തവ്യം നിർവ്വഹിക്കുന്നു. പേയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു. വാങ്ങലുകൾ പർച്ചേസിംഗ്/പ്രൊക്യൂമെന്റ് കമ്മിറ്റികളുടെ ചുമതലയിൽ നിർവ്വഹിക്കുന്നുണ്ട്.
ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.
സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്. (ഖണ്ഡിക 1-7 കാണുക). ഉപയോഗ്യശൂന്യമായ ടാപ്പുകൾക്ക് വെള്ളക്കരം-കണക്ഷനുകൾ വിച്ഛേദിക്കുന്നതിന് തുടർനടപടികൾ അനിവാര്യമാണ് (ഖണ്ഡിക 1-14 കാണുക), പാനൽ എൻജിനീയർമാർ മുഖേന നടത്തുന്ന ഇലക്ട്രിക്കൽ പ്രവൃത്തികൾ –

സർക്കാർ നിർദ്ദേശങ്ങൾ പാലിയ്ക്കുന്നില്ല (ഖണ്ഡിക 1-22 കാണുക), കളിപൊയ്കയിൽ ടേക്ക് എ ബ്രേക്ക് കെട്ടിട നിർമ്മാണം – കുട്ടികളുടെ പാർക്ക് നശിച്ച നിലയിലാണ് (ഖണ്ഡിക 1-27 കാണുക), കളിപൊയ്കയിലും സ്കൂളുകളിലും ഇൻസിനേറ്ററും നാപ്കിൻ വെന്റിംഗ് യൂണിറ്റും സ്ഥാപിക്കൽ – വൈദ്യുതി കണക്ഷൻ നൽകി ഇൻസ്റ്റാൾ ചെയ്യുകയോ, കമ്മീഷൻ ചെയ്യുകയോ ചെയ്തിട്ടില്ല (ഖണ്ഡിക 3-3 കാണുക).

പദ്ധതി നടത്തിപ്പിൽ വർക്കിംഗ് കമ്മിറ്റികൾ മോണിറ്ററിംഗ് നടത്തുന്നില്ല .

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച്, ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പദ്ധതികളിലൊന്നും (മരാമത്ത് ഒഴികെ) വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയിട്ടില്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30/08/2022 – 31/08/2022 | 04/2022 – 06/2022 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05/04/2017 – 18/04/2017 | 2012-13 – 2016-17 | 31/05/2017 |

1-11 കെട്ടിടനികുതി നിർണ്ണയിച്ചിട്ടില്ല.

ഗോപാലകൃഷ്ണൻ, നിഷാഭവൻ, പൂതക്കുളം എന്ന വ്യക്തിയുടെ വാണിജ്യകെട്ടിടത്തിന് വ്യത്യസ്ത നമ്പറുകൾ നൽകുന്നതിലേക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയത് പ്രകാരം കെട്ടിടത്തിന് വ്യത്യസ്ത നമ്പറുകൾ അനുവദിച്ചു നൽകുന്നതിലേയ്ക്ക് തയ്യാറാക്കിയ പരിശോധനാ റിപ്പോർട്ടിൽ സൈറ്റിൽ ടി കെട്ടിടത്തിൽ നിന്നും മാറി 5.3m X 3.7m അളവിൽ മറ്റൊരു ഷട്ടർ ഇട്ട കെട്ടിടം നിലവിലുണ്ടെന്നും ആയതിന് നമ്പർ നല്കിയിട്ടില്ലായെന്നും രേഖപ്പെടുത്തിയിരിക്കുന്നു. തുടർന്ന് ടി കെട്ടിടത്തിന് (19.61 ചതുരശ്ര മീറ്ററിന് ) നികുതി നിർണ്ണയിച്ചതായി രേഖയില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടി കെട്ടിടത്തിന് നികുതി നിർണയിക്കുന്നതിന് അറിയിപ്പ് നല്കിയിട്ടുള്ളതാണെന്നും വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തു നികുതി നിർണ്ണയിച്ച് കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം.4/18.10.22

1-12 ഉപയോഗക്രമത്തിനനുസരിച്ച് കെട്ടിടഭാഗങ്ങളുടെ നികുതി നിർണയിക്കുന്നില്ല.

പൂതക്കുളം ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തിലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചത് പരിശോധിച്ചതിൽ

ഉപയോഗക്രമം അനുസരിച്ചുള്ള അടിസ്ഥാന വസ്തു നികുതി നിരക്കുകൾ ബാധകമാക്കി വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ ഫാക്ടറി – വ്യാപാര ലൈസൻസ് രജിസ്റ്റർ പ്രകാരം | ഫാക്ടറി-വ്യാപാര ലൈസൻസ് നമ്പർ/ലൈസൻസ് ഉടമ | ആവശ്യം | അടിസ്ഥാന വസ്തുനികുതി നിർണയത്തിന് പരിഗണിച്ച ഉപയോഗ ക്രമം |
|---|---|---|---|---|
| 1 | 15/97<br>185 $M^2$ | A3-4559/21<br>23.7.21<br>ദിനേഷ് | സൂപ്പർ മാർക്കറ്റ് | വാണിജ്യാടിസ്ഥാനത്തിലുള്ള 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ റസ്റ്റോറന്റ് ഷോപ്പുകൾ ഗോഡൗൺ |
| 2 | 4/457<br>107 $M^2$<br>(27.36 $M^2$ ന് ഘടനാപരമായ മാറ്റം വരുത്തി) | മോഹൻദാസ്<br>A3-2136/21<br>03.3.21 | ഹോളോബ്രിക്സ് | വാണിജ്യാടിസ്ഥാനത്തിലുള്ള 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ റസ്റ്റോറന്റ് ഷോപ്പുകൾ ഗോഡൗൺ |
| 3 | I/735, I/736, I/737, I/738<br>96.9 $M^2$ | A3-4353/21<br>13.7.21<br>സജേഷ് | സൂപ്പർ മാർക്കറ്റ് | വാണിജ്യാടിസ്ഥാനത്തിലുള്ള 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ റസ്റ്റോറന്റ് ഷോപ്പുകൾ ഗോഡൗൺ |

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ 9 (2) പ്രകാരം വെവ്വേറെ ഉപയോഗക്രമം ഉള്ള ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ അത് ഭാഗത്തിന് ബാധകമായ നികുതി വെവ്വേറെ കണക്കാക്കി മൊത്തം വസ്തു നികുതി നിർണയിക്കേണ്ടതാണ് എന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ 2011ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ, ചട്ടം 17 പ്രകാരം നികുതി നിർണയത്തിന് ശേഷം കെട്ടിടത്തിലെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയാൽ ആ വിവരം കെട്ടിട ഉടമ സെക്രട്ടറിയെ അറിയിക്കണമെന്നും, ഇപ്രകാരം പുതുക്കിയ റിട്ടേൺ സമർപ്പിക്കാത്ത പക്ഷം 1,000/-രൂപയോ പുതുക്കിയ നികുതി നിർണയം മൂലമുണ്ടാകുന്ന നികുതി വർധനയോ ഏതാണോ അധികം അത് പിഴയായി ഈടാക്കാവുന്നതാണ് എന്ന വ്യവസ്ഥ ചെയ്തിരിക്കെ കൃത്യമായ ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയം നടത്താത്തത് മൂലം പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാകുന്നുണ്ട്. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടി കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഉപയോഗക്രമം അനുസരിച്ചുള്ള ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് ആയത് കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 8/19.10.2022

1-13 ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ (ഹോമിയോ ) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ

ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | അടങ്കൽ | ചെലവുതുക | ബിൽ നം./തീയതി | തുക നൽകിയത് | ലഭിക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|---|
| 14/21-22 ഹോമിയോ മരുന്ന വാങ്ങൽ | 2,50,000/- (മെയി. ഫണ്ട്- റോഡിതരം) | 2,50,000/- | 01/21-22/ 13.01.22 02/21-22/ 05.03.22 | 2,50,000/- | 1,76,722/- |

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് മുൻഗണനാക്രമത്തിൽ മരുന്നുകൾ ഹോംകോയിൽ നിന്നും നൽകുന്നതാണെന്ന് അറിയിച്ചതായി മറുപടി നൽകി. മുൻകൂറായി നൽകിയ തുകയിൽ ലഭിക്കാനവശേഷിക്കുന്ന മരുന്നുകളുടെ തുകയായ 1,76,722/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക - 1,76,722/-രൂപ

ഓഡിറ്റ് എൻക്വയറി നം.5 -/18.10.22

1-14 പ്രവർത്തനരഹിതമായ ടാപ്പുകൾക്ക് വെള്ളക്കരം - തുടർനടപടികൾ അനിവാര്യം

പൂതക്കുളം പഞ്ചായത്തിലെ 10/5/21 ലെ കമ്മിറ്റി തീരുമാനം നം-3 പ്രകാരം പഞ്ചായത്തിലെ പ്രവർത്തനരഹിതമായ ടാപ്പുകൾക്കും വെള്ളക്കരം ഈടാക്കുന്നുവെന്ന പരാതിയെക്കുറിച്ച് ചർച്ചചെയ്യുകയും വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തേണ്ടത് അത്യാവശ്യമാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. 1/11/21 ലെ കമ്മിറ്റി തീരുമാനം നം-6 പ്രകാരം വാർഡ് നം-1, 3, 5, 6, 10, 12, 13, 15, 16, 18 എന്നിവിടങ്ങളിൽ 84 ടാപ്പുകൾ പ്രവർത്തനക്ഷമമല്ലെന്ന് കണ്ടെത്തിയതായി സൂചിപ്പിച്ചിട്ടുണ്ട്. നിലവിൽ 84 ടാപ്പുകൾ ഉപയോഗശൂന്യമാണെന്നിരിക്കെ 2021-22 ൽ സെക്രട്ടറി പ്രോജക്ട് നം-19, പ്രോജക്ട് നം-74 എന്നിവ പ്രകാരം റോഡിതരം, സി.എഫ്.സി എന്നീ ഫണ്ടുകളിൽ നിന്ന് യഥാക്രമം 13,15,768/-, 6,57,884/- എന്നീ തുകകൾ ചെലവഴിച്ചിട്ടുണ്ട്. ആയതിനാൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ജലജീവൻ പദ്ധതിയുടെ ഭാഗമായി എല്ലാവീടുകളിലും കുടിവെള്ളകണക്ഷൻ ലഭ്യമാകുന്നതിനാൽ നിലവിലുള്ള എല്ലാ കുടിവെള്ള ടാപ്പുകളും വിച്ഛേദിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭ്യമാക്കി കണക്ഷൻ വിച്ഛേദിക്കുന്ന മുറക്ക് വെള്ളക്കരം ഇനത്തിൽ അധികമായി അടവാക്കുന്ന ചെലവ് തുകയും ക്രമീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 9 തീയതി-19/10/22

1-15 വിനിയോഗരേഖകൾ ഹാജരാക്കിയില്ല.

സെക്രട്ടറി 2021-22 സാമ്പത്തിക വർഷത്തിൽ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളുടെ വിനിയോഗരേഖകൾ ഹാജരാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി | ഫണ്ടിനം | ചെലവ് തുക (രൂപ) | ബിൽ നമ്പർ, തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | ജലജീവൻ മിഷൻ 119/21-22 | വികസനഫണ്ട് (ജനറൽ)- 9,00,000/- ഗുണഭോക്തൃ വിഹിതം- | 14,99,850/- | 25/21-22, 11-11-21- 9,00,000/- ചെക്ക് നമ്പർ 050309/27.03.22-5,99,850/- | വാട്ടർ അതോറിറ്റിയിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം |

| | | | | | |
|---|---|---|---|---|---|
| | | 5,99,850/- | | | ലഭ്യമാക്കിയില്ല |
| 2 | ഐ.കെ.എം ന വിഹിതം നൽകൽ 2/21-22 | വികസനഫണ്ട് (ജനറൽ) - | 1,01,861/- | 22/21-22, 12.10.21 | ഇൻഫർമേഷൻ കേരള മിഷനിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| 3 | കുഴൽക്കിണർ ഓവർഹെഡ് ടാങ്ക് നിർമ്മാണം 112/21-22 | അർബൻ അഗ്ലോമേഷൻ ഫണ്ട് (കൊല്ലം കോർപ്പറേഷൻ) | 3,98,000/- | - | ഭൂജല വകുപ്പിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| 4 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ 75/21-22 | സി.എഫ്.സി (ടൈഡ്) | 9,09,400/- | XVFC 2021-22/P /43-1,06,587/-<br>XVFC 2021-22/P /45-8,48,484/-<br>XVFC 2021-22/P /44-7,44,929/- | വാട്ടർ അതോറിറ്റിയിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| 5 | പൈപ്പ് ലൈൻ നീട്ടൽ 75/21-22 | സി.എഫ്.സി (ടൈഡ്) | 7,90,600/- | - | |
| | | ആകെ | 36,99,711/- | | |

പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം തുക മുൻകൂർ നല്കുന്നതിന് മുമ്പ് ഏജൻസികളുമായി കരാർ വയ്ക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുകയായ 36,99,711/-രൂപ തടസ്സം ചെയ്യുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക - 36,99,711/-രൂപ

ഓഡിറ്റ് എൻക്വയറി നമ്പർ.2/21-22, 15.10.22

1-16 കന്നുകുട്ടി പരിപാലനം - വിനിയോഗരേഖ ഹാജരാക്കിയില്ല,

2021-22 സാമ്പത്തികവർഷത്തിൽ, വെറ്റിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് കന്നുകുട്ടി പരിപാലനം (പ്രോജക്ട് നമ്പർ.67/21-22). പഞ്ചായത്തിലെ 20 ഗുണഭോക്താക്കളുടെ കന്നുകുട്ടികൾക്ക് 50% നിരക്കിൽ (12,500/-രൂപ) കാലിത്തീറ്റ നൽകുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. ഈ പദ്ധതി പ്രകാരം കന്നുകുട്ടിക്ക് 32 മാസം പ്രായമാവുകയോ, ആദ്യ പ്രസവം നടക്കുകയോ, സബ്സിഡിതുക തീരുകയോ, ഏതാണോ ആദ്യം നടക്കുന്നത് അതുവരെ എല്ലാ മാസവും പകുതി വിലയ്ക്ക് കാലിത്തീറ്റ നൽകുന്നു. പദ്ധതിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതി | കന്നുകുട്ടി പരിപാലനം – 67/21-22 |
| അടങ്കൽ | 2,50,000/- ( വികസന ഫണ്ട് - ജനറൽ )<br>2,50,000/- (ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നത്) |
| ചെലവ് | 2,50,000/- ( വികസന ഫണ്ട് - ജനറൽ ) |
| ബിൽ നമ്പർ | 5/21-22, 04-01-22 |

2,50,000/-രൂപ അസി.ഡയറക്ടർ ഓഫ് കാഫ്ഫീഡ് സബ്സിഡി സ്കീം-ന് നൽകി. ആയത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയതിൽ 99,480/-രൂപ മാത്രമേ നാളിതുവരെ ചെലവഴിച്ചിട്ടുള്ളൂ. വിനിയോഗരേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ബാക്കി തുകയായ

1,50,520/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

തടസപ്പെടുത്തുന്ന തുക - 1,50,520/-രൂപ

ഓഡിറ്റ് എൻക്വയറി നമ്പർ 1/21-22,17-10-22

1-17 തുക മുൻകൂറായി ഒടുക്കിയെങ്കിലും സ്കാനർ ലഭ്യമാക്കിയില്ല.

2020-21 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് പഞ്ചായത്ത് ഓഫീസിലേക്ക് ഹൈസ്പീഡ് സ്കാനർ വാങ്ങൽ (163/21-22). ഈ പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | പഞ്ചായത്ത് ഓഫീസിലേക്ക് ഹൈസ്പീഡ് സ്കാനർ വാങ്ങൽ (163/21-22). |
| അടങ്കൽ | 1,00,000/- (സി.എഫ്.സി ബേസിക് ഗ്രാന്റ്) |
| ചെലവ് | 96,949/- (ബിൽ നമ്പർ.46/21-22, 31.03.22) |

ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ വിന്യസിക്കുന്നതിന് CPRCS സൈറ്റിൽ ലഭ്യമായ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഹൈസ്പീഡ് സ്കാനർ വാങ്ങുന്നതിലേക്കായി കേരള സ്റ്റേറ്റ് ഐ.റ്റി മിഷനിൽ 96,949/-രൂപ ( Proforma Invoice No.TVM/ITBG/P1/RC/34091/20-21, 27.01.22) ഒടുക്കുവരുത്തി. എന്നാൽ സ്കാനർ നാളിതുവരെ ലഭ്യമായിട്ടില്ല. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ കെൽട്രോണുമായി ബന്ധപ്പെട്ടപ്പോൾ ഓർഡർ നൽകിയ സ്പെസിഫിക്കേഷൻ പ്രകാരമുള്ള സ്കാനർ നിലവിൽ സ്റ്റോക്ക് ഇല്ല എന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതാണെന്നുമാണ് മറുപടി ലഭ്യമായിട്ടുള്ളത് എന്നാണ് അറിയിച്ചത്. സ്കാനർ നാളിതുവരെ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ, സ്കാനർ വാങ്ങുന്നതിനായി ചെലവഴിച്ച 96,949/-രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. സ്കാനർ ലഭ്യമാക്കി തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക - 96,949/-രൂപ
ഓഡിറ്റ് എൻക്വയറി നമ്പർ. 2/21-22, 15.10.22

1-18 അങ്കണവാടി - പോഷകാഹാരം - കൽപ്പദാരു അമൃതം ഫുഡ് സപ്ലിമെന്റിന് അധിക തുക നൽകി.

2021-22 സാമ്പത്തിക വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി സ്പിൽഓവറായി നടപ്പിലാക്കിയ പദ്ധതിയാണ് അങ്കണവാടി-പോഷകാഹാരം (116/21-22). ഈ പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | അങ്കണവാടി - പോഷകാഹാരം (116/21-22) |
| അടങ്കൽ | 35,000/- (ബ്ലോക്ക് വിഹിതം) |
| ചെലവ് | 35,000/- (ചെക്ക് നമ്പർ - 5227531/11.10.21) |

ഈ പദ്ധതി പ്രകാരം കൽപ്പദാരു അമൃതം ഫുഡ് സപ്ലിമെന്റിന്റെ പേരിലുള്ള യൂണിയൻ ബാങ്കിന്റെ 336702010905327 എന്ന അക്കൗണ്ടിലേക്ക് ചെക്ക് നമ്പർ.5227531/11.10.21 പ്രകാരം 35,000/-രൂപ ഒടുക്കുവരുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവിനെ സാധൂകരിക്കുന്ന ചെലവ് രേഖകൾ, ഈ ചെലവിന്റെ അടിസ്ഥാനത്തിൽ അമൃതം ഫുഡ് സപ്ലിമെന്റ് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ ഈ തുക നൽകാനുണ്ടായിരുന്നില്ലായെന്ന് ബില്ലുകൾ പരിശോധിച്ചപ്പോൾ പിന്നാലെയാണ് ബോധ്യപ്പെട്ടത് എന്നാണ് നിർവഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുള്ളത്. കൂടാതെ, കൽപ്പദാരു അമൃതം ഫുഡ് സപ്ലിമെന്റിന് 2022-23 വർഷത്തിൽ നൽകാനുള്ള 31.08.2022

ലെ ഇൻവോയിസ് നമ്പർ 431 പ്രകാരം നൽകുവാനുള്ള 1,45,713/-രൂപയിൽ ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്നും നിർവഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ കൽപ്പദാരു അമൃതം ഫുഡ് സപ്ലിമെന്റിന് അധികം നൽകിയ 35,000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

നിരാകരിക്കുന്ന തുക - 35,000/-രൂപ

ഓഡിറ്റ് എൻക്വയറി നം – 11/21-22/19.10.22

1-19 കരിയിലക്കുളം തോട് മാലിന്യം നീക്കൽ - തുക തിരികെ ഈടാക്കിയില്ല.

2021-22 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് കരിയിലക്കുളം തോട് മാലിന്യം നീക്കൽ (154/21-22). ഈ പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | കരിയിലക്കുളം തോട് മാലിന്യം നീക്കൽ (154/21-22). |
| അടങ്കൽ | 4,00,000/- (സി.എഫ്.സി ടൈഡ്) |
| ചെലവ് | 4,00,000/- ബിൽ നമ്പർ – 45/21-22, 21.03.22 |

പൂതക്കുളം ഗ്രാമപഞ്ചായത്തിലെ കരിയിലക്കുളം തോട് മാലിന്യം നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുന്നതിനും അതിലൂടെ ഭൂഗർഭ ജലലഭ്യത ഉറപ്പ് വരുത്തുന്നതിന് ചെറുകിട ജലസേചന വകുപ്പിന് തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനായാണ് പദ്ധതി ആവിഷ്കരിച്ചത്. ചെറുകിട ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയറുടെ 11.08.2022 ലെ നം.ഡി3-PR/DEPOSIT WORKS നമ്പർ കത്ത് പ്രകാരം പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. തുടർന്ന് ചെറുകിട ജലസേചന വകുപ്പ് 3,98,390/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കി. ആയതിനാൽ വിനിയോഗ സാക്ഷ്യപത്രപ്രകാരം ചെലവായ തുക കഴിച്ചുള്ള 1,610/-രൂപ (4,00,000 – 3,98,390 ) തിരികെ ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ. 2/21-22, 15.10.22

1-20 കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും 72,244/-രൂപയുടെ മരുന്നുകൾ/ഉപകരണങ്ങൾ ലഭിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണം നടത്തിയ പ്രോജക്ടിൽ മരുന്നുകൾ/ഉപകരണങ്ങൾ വാങ്ങുന്നതിനായി K.M.S.C.L-ൽ അടവാക്കിയ 72,244/-രൂപയുടെ മരുന്നുകൾ/ഉപകരണങ്ങൾ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ഫണ്ടിനം. | K.M.S.C.L-ന് നൽകിയ തുക(രൂപ) | ബിൽ നം/തീയതി | കെ.എം.സി.എൽ. പ്രൊഫോർമ നം./തീയതി | ലഭിച്ച മരുന്നുകളുടെ വില (രൂപ) | ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില (രൂപ) |
|---|---|---|---|---|---|
| 17/22-പാലിയേറ്റീവ് കെയർ-പൊതുവിഭാഗം ഫണ്ട് | 8,00,000/-<br>1,99,963/- | ബിൽ നം.1/17.06.2021<br>ബിൽ നം.6/05.10.2021 | PRF 394/27.05.2021<br>PRF 1859/31.08.2021 | 7,50,531/-<br>1,77,188/- | 49,469/-<br>22,775/- |
| | | | | ആകെ തുക | 72,244/-രൂപ |

മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് കെ.എം.എസ്.സി.എൽ. അധികാരികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ച് വരുന്നുവെന്നാണ് ചുമതലപ്പെട്ടവർ അറിയിച്ചിട്ടുള്ളത്.

ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 72,244/-രൂപ തടസ്സപ്പെടുത്തുന്നു.
മരുന്നുകൾ ലഭ്യമാക്കി രേഖകളും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
തടസ്സപ്പെടുത്തുന്ന തുക – 72,244/-രൂപ

1-21 ഇ-ടെണ്ടർ വരവ് തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യിട്ടില്ല.

2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിലെ ടെണ്ടർ ഫീസ് ഇനത്തിലെ വരവ് തുകയായ 1,62,229/-രൂപ ജില്ലാ പഞ്ചായത്തിലെ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്തിട്ടുള്ളത്. വർഷം തിരിച്ചുള്ള വിവരങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.

| വർഷം | തുക (രൂപ) |
|---|---|
| 2020-2021 | 26,539/- |
| 2021-2022 | 1,35,690/- |
| ആകെ തുക | 1,62,229/- |

ടി വിഷയവുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് എൻജിനീയർ, 20.04.2022-ന് 346/AE /LSGD/PKLM/2019 നമ്പർ കത്ത് എക്സിക്യൂട്ടിവ് എൻജിനീയർക്ക് നൽകിയിട്ടുണ്ട്.
1,62,229/-രൂപ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും ഗ്രാമപഞ്ചായത്ത് ഫണ്ടിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്ത രേഖ ഹാജരാക്കേണ്ടതുമാണ്.

1-22 പാനൽ എൻജിനീയർമാർ മുഖേന നടത്തുന്ന ഇലക്ട്രിക്കൽ പ്രവൃത്തികൾ - സർക്കാർ നിർദ്ദേശങ്ങൾ പാലിയ്ക്കുന്നില്ല.

പ്രോജക്ട് നം.59/22 – പുതുതായി നിർമ്മിച്ച ഘടക സ്ഥാപന കെട്ടിടങ്ങളുടെ വൈദ്യുതീകരണം
നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എൻജിനീയർ, എൽ. എസ്. ജി. ഡി
അടങ്കൽ തുക - 3,96,153/- രൂപ ( മെയിന്റനൻസ് ഫണ്ട് – റോഡിതരം )
ചെലവ് തുക- 3,84,689/-രൂപ
എഗ്രിമെന്റ് നം.17/എ.ഇ./എൽ.എസ്.ജി.ഡി./പി.കെ.എൽ.എം./21-22/03.11.2021
എം. ബുക്ക് നം.30/21-22
ബിൽ നം.19/22 - 01.02.2022

പ്രോജക്ട് നടപ്പിൽ വരുത്തുന്നതിന് 4,17,106/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് എൽ.എസ്.ജി.ഡി ഇലക്ട്രിക്കൽ പാനൽ എൻജിനീയർ ശ്രീ. രമണനും, പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയത് പാനൽ എൻജിനീയർമാരായ ശ്രീ.മുഹമ്മദലി, ശ്രീ.സി.എം. ഷംസുദ്ദീൻ എന്നിവരും ആണ്. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതികാനുമതിയും നൽകിയിരിക്കുന്നു. ഗ്രാമപഞ്ചായത്ത് എ.ഇ. നടത്തിയ ടെണ്ടർ നടപടിയിലൂടെ കരാർ ലഭിച്ച ശ്രീ. രാജേഷ് കുമാർ പി. നിർവ്വഹിച്ച ഇലക്ട്രിക്കൽ പ്രവൃത്തികൾ പരിശോധിച്ച് ശ്രീ. രമണൻ നൽകിയ കംപ്ലീഷൻ സർട്ടിഫിക്കറ്റിന്റെയും സി.എം. ഷംസുദ്ദീൻ നടത്തിയ ചെക്ക് മെഷർമെന്റിന്റെയും അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് എ.ഇ., കരാറുകാരന് 3,54,265/-രൂപ (19.20% കുറവ്) അനുവദിച്ചു. ടി ചെലവ് കൂടാതെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, ടെണ്ടർ രേഖകൾ തയ്യാറാക്കൽ, സൂപ്പർവിഷൻ, ബിൽ തയ്യാറാക്കൽ എന്നിവയ്ക്കായി എസ്റ്റിമേറ്റിന്റെ (4,17,106/-) 3% തുകയായ 12,513/-രൂപ ശ്രീ. രമണനും, ടെക്നിക്കൽ സാക്ഷൻ റിപ്പോർട്ട് തയ്യാറാക്കൽ, ചെക്ക് മെഷർമെന്റ് എന്നിവയ്ക്കായി 1% തുകയായ 4,171/- രൂപ ശ്രീ. സി. എം. ഷംസുദ്ദീൻ കുഞ്ഞിനും അനുവദിച്ചിട്ടുണ്ട്.
ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പാനൽ എൻജിനീയറിംഗ് വിഭാഗവും

എൽ.എസ്.ജി.ഡി. വിഭാഗവും തമ്മിൽ കരാർ വച്ചതായി കാണുന്നില്ല. കെട്ടിടങ്ങളുടെ പ്ലാൻ, ഇലക്ട്രിക്കൽ ഡ്രോയിംഗ് (സാക്ഷ്യപ്പെടുത്തിയത്) എന്നിവ ഇല്ല. നടത്തിയ പ്രവൃത്തികൾ ഗ്രാമപഞ്ചായത്ത് മരാമത്ത് വിഭാഗം പരിശോധിച്ചിട്ടില്ല. അളവ് പുസ്തകത്തിൽ 5 കെട്ടിടങ്ങളിലേയും പ്രവൃത്തികൾ പ്രത്യേകമായി രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ സുതാര്യത ഉറപ്പാക്കുന്നതിന് സാധിയ്ക്കുന്നില്ല. കരാർ ഇല്ലാത്തതിനാൽ ശ്രീ. രമണനും, ശ്രീ. സി.എം. ഷംസുദ്ദീൻ കുഞ്ഞും ഹാജരാക്കിയ ബില്ലുകളുടെ സാധുത ബോധ്യപ്പെട്ടിട്ടില്ല. (ജി.എസ്.ടി. രജിസ്ട്രേഷൻ – ബിൽ നം./തീയതി ഇല്ല).

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എൻജിനീയർ നൽകിയ മറുപടിയിൽ, ഓഡിറ്റ് അന്വേഷണത്തിലെ വിവരങ്ങൾ പാനൽ എൻജിനീയറിംഗ് വിഭാഗത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

പാനൽ എൻജിനീയറിംഗ് വിഭാഗം മുഖേന പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് മുമ്പ് സർക്കാർ നിർദ്ദേശം ( തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യു.) വകുപ്പിന്റെ 22.09.2015-ലെ സർക്കാർ ഉത്തരവ് (സാധാ) നം.2878/2015) പാലിച്ച് മാത്രമേ ചുമതലപ്പെട്ടവർ നടപടികൾ സ്വീകരിക്കാൻ പാടുള്ളൂ. നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദമായ പരിശോധന നടത്തുന്നതിന് ഓഡിറ്റ് ശിപാർശ ചെയ്യുന്നു. തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഭരണ സമിതി, ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവരുടെ ശ്രദ്ധയിൽ ടി വിഷയം കൊണ്ടുവരുന്നു.

ഓഡിറ്റ് എൻക്വയറി നം - 03/17.10.2022

1-23 നിർവ്വഹിക്കാത്ത പ്രവൃത്തിയ്ക്ക് തുക അനുവദിച്ചു.

പ്രോജക്ട് നം. - 99/22- കളിപൊയ്കയിൽ ടോയിലറ്റ് കോംപ്ലക്സ് നിർമ്മാണം - ടേക്ക് എ ബ്രേക്ക്
നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി
എഗ്രിമെന്റ് നം. – 43/എ.ഇ./എൽ.എസ്.ജി.ഡി./പി.കെ.എൽ.എം./20-21/9.02.21
കോൺട്രാക്ടർ - ശ്രീ. തുളസീധരൻ പിള്ള

നിർവ്വഹിക്കാത്ത പ്രവൃത്തിയ്ക്ക് തുക അനുവദിച്ചതിനാൽ 3,702/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിന് ഓഡിറ്റ് നിർദ്ദേശം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-2 കാണുക.

ഓഡിറ്റ് എൻക്വയറി നം – 10/19.10.2022

1-24 കളിപൊയ്കയിലും സ്കൂളുകളിലും ഇൻസിനേറ്ററും നാപ്കിൻ വെന്റിംഗ് യൂണിറ്റും സ്ഥാപിക്കൽ – വൈദ്യുതി കണക്ഷൻ നൽകി ഇൻസ്റ്റാൾ ചെയ്യുകയോ കമ്മീഷൻ ചെയ്യുകയോ ചെയ്തിട്ടില്ല.

2020-21 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് കളിപൊയ്കയിലും (ടേക്ക് എ ബ്രേക്ക്) സ്കൂളുകളിലും ഇൻസിനേറ്ററും നാപ്കിൻ വെന്റിംഗ് യൂണിറ്റും സ്ഥാപിക്കൽ (122/21-22). ഈ പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | കളിപൊയ്കയിലും (ടേക്ക് എ ബ്രേക്ക് ) സ്കൂളുകളിലും ഇൻസിനേറ്ററും നാപ്കിൻ വെന്റിംഗ് യൂണിറ്റും സ്ഥാപിക്കൽ (122/21-22). |
| അടങ്കൽ | 92,901/- (സി.എഫ്.സി ബേസിക് ഗ്രാന്റ്)<br>1,56,899/- (സി.എഫ്.സി ടൈഡ്) |
| ചെലവ് | 1,52,083/- (XVFC/2021-22/P/35, 22.03.22) |

പൂതക്കുളം ഗ്രാമപഞ്ചായത്തിലെ കളിപൊയ്ക-ടേക്ക് എ ബ്രേക്ക്, പൂതക്കുളം ഗവ. എച്ച്.എസ്.എസ്, ചെമ്പകശേരി യു.പി. സ്കൂൾ എന്നിവിടങ്ങളിലായി ഇൻസിനേറ്റർ - നാപ്കിൻ വെന്റിംഗ് യൂണിറ്റിന്റെ

ആകെ മൂന്ന് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനാണ് ഈ പദ്ധതി ആവിഷ്കരിച്ചത്. അക്രിഡറ്റഡ് ഏജൻസിയായ റെയിഡ്കോ മുഖേന പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി 4.03.22-ൽ റെയിഡ്കോയുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. പ്രസ്തുത കരാർ പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്ത തീയതി മുതൽ ഒരു വർഷ കാലയളവിലേക്കാണ് സർവ്വീസ് ചാർജ് ഈടാക്കാതെ മെയിന്റനൻസ് വർക്കുകൾ ചെയ്യാൻ സപ്ലെയർ ബാധ്യസ്ഥനായിട്ടുള്ളത്. ഇൻവോയിസ് - Klm/620 /2021-2022, 16.02.2022 പ്രകാരമാണ് റെയിഡ്കോ സാധനങ്ങൾ സപ്ലൈ ചെയ്തിട്ടുള്ളത്. 15.10.22 ൽ ഇതു സംബന്ധിച്ച് കളിപൊയ്ക-ടേക്ക് എ ബ്രേയ്ക്കിൽ ഭൗതിക പരിശോധന നടത്തിയതിൽ ഇൻസിനേറ്റർ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയത് വൈദ്യുതി കണക്ഷൻ നൽകി കമ്മീഷൻ ചെയ്തിട്ടില്ല (വൈദ്യുതി കണക്ഷൻ നൽകിയിട്ടില്ല) എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. കൂടാതെ നാപ്കിൻ വെന്റിംഗ് യൂണിറ്റ് ഇവിടെ സ്ഥാപിച്ചിട്ടില്ല എന്ന് ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. മാത്രവുമല്ല, പ്രവർത്തനം ആരംഭിച്ചിട്ടുപോലുമില്ലാത്ത ടേക്ക് എ ബ്രേക്കിനായിട്ടാണ് ഇൻസിനേറ്ററും, നാപ്കിൻ വെന്റിംഗ് യൂണിറ്റും സ്ഥാപിക്കുന്നതിനായി തുക ചെലവഴിച്ചിട്ടുള്ളത്. 19.10.2022 ൽ പൂതക്കുളം ഗവ. എച്ച്.എസ്.എസ്, ചെമ്പകശേരി യു.പി സ്കൂൾ എന്നിവിടങ്ങളിലായി ഭൗതിക പരിശോധന നടത്തിയതിൽ നാപ്കിൻ വെന്റിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടെങ്കിലും നാപ്കിൻ ഇൻസിനേറ്റർ വൈദ്യുതി കണക്ഷൻ നൽകി ഇൻസ്റ്റാൾ ചെയ്യുകയോ കമ്മീഷൻ ചെയ്യുകയോ ചെയ്തിട്ടില്ല (വൈദ്യുതി കണക്ഷൻ നൽകിയിട്ടില്ല). ഇതു സംബന്ധിച്ച മോണിട്ടറിംഗ് സമിതി റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കളിപൊയ്ക-ടേക്ക് എ ബ്രേയ്ക്കിൽ നാപ്കിൻ വെന്റിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടില്ലെന്ന് പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടതിനാൽ നാപ്കിൻ വെന്റിംഗ് യൂണിറ്റിനായി ചെലവഴിച്ച 18,345/- രൂപ (55033.59/3) ഓഡിറ്റ് നിരാകരിക്കുന്നു. കൂടാതെ മൂന്നു യൂണിറ്റുകളും വൈദ്യുതി കണക്ഷൻ നൽകി ഇൻസ്റ്റാൾ ചെയ്യുകയോ കമ്മീഷൻ ചെയ്യുകയോ ചെയ്തിട്ടില്ലാത്തതിനാൽ മൂന്നു യൂണിറ്റിനായി ചെലവഴിച്ച 1,33,738/-രൂപ (1,52,083 – 18,345 ) ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. (കളിപൊയ്ക-ടേക്ക് എ ബ്രേയ്ക്കിൽ നാപ്കിൻ വെന്റിംഗ് യൂണിറ്റിനായി ചെലവഴിച്ച 18,345/-രൂപ കഴിച്ച്).

തടസ്സപ്പെടുത്തിയ തുക – 1,33,738/-രൂപ
നിരാകരിച്ച തുക - 18,345/- രൂപ

1-25 ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഡബിൾ എൻട്രി അക്കൌണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.

ദേശീയ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് അമ്പത് റോഡുകളും ( 28.06.2021/ തീരുമാന നമ്പർ - 5 ), വാർഡ് 11-ലെ പന്ത്രണ്ട് നിവാസികൾ വിട്ടുകൊടുത്ത വസ്തുക്കളും (26.10.2021-ലെ തീരുമാന നമ്പർ – 1) ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചിട്ടുണ്ട്. വസ്തുക്കളുടെ കൈമാറ്റം രജിസ്ട്രേഷൻ, റവന്യു വകുപ്പുകൾ മുഖേന നടത്തിയതിന്

ശേഷം ഇവ ആസ്തി രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.
ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻവർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണസമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.
മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ (തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്- 13.01.2010 ലെ 58608/ഡി.ബി2/09 ) നിഷ്കർഷിച്ചിട്ടുള്ളതാണ്.
സർക്കാർ ഉത്തരവ് ജി.ഒ (ആർ.ടി.) 1699/17/തസ്വഭവ. തീ 24.05.2017 ൽ ഇതുമായി ബന്ധപ്പെട്ട് എൽ.എസ്.ജി.ഡി വിഭാഗത്തിന്റെ ചുമതല വ്യക്തമാക്കിയിട്ടുണ്ട്.
ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കി, കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല.
ആസ്തി രജിസ്റ്റർ പരിശോധിച്ച് ഉറപ്പാക്കാതെ നടത്തുന്ന പ്രവൃത്തികൾ നിയമ നടപടികളിലേയ്ക്ക് പോകുന്ന സാഹചര്യമുണ്ട്. അതിനാൽ ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും കാലികമാക്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-26 ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം

2021-2022 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ കുടുംബങ്ങൾക്കായി തൊഴിൽ നൽകിയ ആകെ മനുഷ്യദിനങ്ങൾ 94,444 ആണ്. ഇതിൽ 100 ദിനങ്ങൾ പൂർത്തിയാക്കിയ 692 കുടുംബങ്ങൾ ഉൾപ്പെടുന്നു. ആകെ 3,25,33,000/-രൂപയുടെ ചെലവ്, ഭൂവികസനം, ലൈഫ് ഭവന നിർമ്മാണം, മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ എന്നിവയ്ക്കായാണ് മുഖ്യമായും വിനിയോഗിച്ചത്.

രേഖകളുടെ പരിശോധന - ഓഡിറ്റ് നിരീക്ഷണങ്ങൾ

1. നടത്തിയ പ്രവൃത്തികളുടെ വിവരം ഇനം തിരിച്ച് ഭൂവുടമസ്ഥർ/ ബന്ധപ്പെട്ട മേറ്റുമാർ സാക്ഷ്യപ്പെടുത്തുന്നില്ല.
2. പ്രവൃത്തികളുടെ അന്തിമ മൂല്യനിർണ്ണയത്തിന് അടിസ്ഥാനമാക്കിയ അളവുകൾ തെളിയിക്കുന്ന രേഖകൾ ഇല്ല.
3. ലൈഫ് ഭവനം, റോഡ് നിർമ്മാണം, കിണർ, തൊഴുത്ത് നിർമ്മാണം, ആട്ടിൻക്കൂട് നിർമ്മാണം എന്നീ മെറ്റീരിയൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട എല്ലാ പ്രോജക്ട് ഫയലുകളിലും തൊഴിലുറപ്പ് തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന ഫോട്ടോകൾ പരിമിതമാണ്. ലൈഫ് ഭവന നിർമ്മാണത്തിന്റെ ഘട്ടങ്ങൾ സംബന്ധിച്ച സാക്ഷ്യപത്രം വി.ഇ.ഒ.മാരിൽ നിന്നും തൊഴിലുറപ്പ് വിഭാഗം ലഭ്യമാക്കി ഫയലിൽ ഉൾപ്പെടുത്തുന്നില്ല. അതിനാൽ മസ്റ്റർ റോളുകളുടെ കൃത്യത, സുതാര്യത എന്നിവ ഉറപ്പാക്കുന്നതിന് പ്രാപ്തമല്ല.
4. സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പരിമിതമായതിനാൽ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമല്ല.
5. പ്രവൃത്തിയുടെ ഫോട്ടോകൾ കൃത്യമായി ഫയലിൽ ഉൾപ്പെടുത്താത്തതിനാൽ, പ്രോജക്ട് യോഗങ്ങൾ നടത്തിയതും, പ്രവൃത്തി സൈറ്റുകളിൽ ബോർഡ് സ്ഥാപിച്ചത് ഉറപ്പാക്കുന്നതിനും, പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിനും സാധിക്കുന്നില്ല.
6. നിർമ്മാണ പ്രവൃത്തികൾക്കുള്ള സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച് 31.03.2012 –ലെ സർക്കാർ ഉത്തരവ് (കൈ) 93/2012/ത.സ്വ.ഭ.വ. ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിയ്ക്കുന്നില്ല. കരാറുകാരുടെ എഗ്രിമെന്റ് ക്രമപ്രകാരമുള്ളതല്ല.

(പൊതുമരാമത്ത് വിഭാഗവുമായി ബന്ധപ്പെട്ട് നിർമ്മാണ കരാറുകളിലെ നിബന്ധനകൾ രേഖപ്പെടുത്തിയിരിക്കുന്നു). ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള കരാറുകാരുടെ ബില്ലുകൾ സെക്രട്ടറിയുടെ പേരിൽ ഉള്ളവയല്ല.

മേൽ വിഷയം ഭരണ സമിതി, വികസന സ്റ്റാൻഡിംഗ് കമ്മറ്റി എന്നിവരുടെ ശ്രദ്ധയ്ക്കും തുടർ നടപടികൾക്കുമായി കൊണ്ടുവരുന്നു.

1-27 കളിപൊയ്കയിൽ ടേക്ക് എ ബ്രേക്ക് കെട്ടിട നിർമ്മാണം – കുട്ടികളുടെ പാർക്ക് നശിച്ച നിലയിൽ

കളിപൊയ്കയിൽ കുട്ടികളുടെ പാർക്ക് 29.07.2019 നാണ് ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചത്. ഇതിന്റെ നിർമ്മാണത്തിനായി 2019-2020 സാമ്പത്തിക വർഷത്തിൽ 11,69,470/-രൂപയും 2020-2021 സാമ്പത്തിക വർഷത്തിൽ 4,97,911/-രൂപയും ചെലവഴിച്ചു. കുട്ടികൾക്കുള്ള കളി ഉപകരണങ്ങൾ, വിശ്രമത്തിനുള്ള ഇരുമ്പ് ബെഞ്ചുകൾ എന്നിവ വ്യക്തികളും സംഘടനകളും ആണ് നൽകിയത്.
2021- 2022 സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നം. 99/22- കളിപൊയ്കയിൽ ടോയിലറ്റ് കോംപ്ലക്സ് നിർമ്മാണം - ടേക്ക് എ ബ്രേക്ക് എന്ന പദ്ധതിയിൽ 8,19,166/-രൂപ (കോർപ്പറേഷൻ അർബൻ അഗ്ലോമേഷൻ ഫണ്ട് ) ചെലവഴിച്ച് രണ്ട് ടോയിലറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കി. 15.10.2022-ൽ ഗ്രാമപഞ്ചായത്തിലെ എൽ.എസ്.ജി.ഡി. ഓവർസീയറുടെ സാന്നിധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ, പുരുഷന്മാരുടെ ടോയിലറ്റ് ബ്ലോക്കിന്റെ വാതിലിൽ സ്ഥാപിച്ച ലാച്ച് പൊളിച്ച് കേടാക്കിയതായും, ഹെൽത്ത് ഫൊസറ്റ്, ഫ്ലഷ് ടാങ്ക് എന്നിവ കേടാക്കിയ നിലയിലും ആയതിന്റെ ഭാഗങ്ങൾ നിലത്ത് കിടക്കുന്നതായും കണ്ടു. രണ്ട് ടോയിലറ്റ് ബ്ലോക്കിലും വാട്ടർ കണക്ഷനും ടാങ്കും സ്ഥാപിച്ചിട്ടില്ല.
മേൽ കെട്ടിടങ്ങൾ കൂടാതെ മറ്റൊരു കെട്ടിടം ഭാഗികമായി നിർമ്മിച്ച നിലയിലാണ്. പരിമിതമായ സ്ഥലത്ത് പ്രവർത്തിച്ചിരുന്ന പാർക്കിൽ കെട്ടിടങ്ങൾ ഗണ്യമായ സ്ഥലം ഉപയോഗിച്ചതിനാൽ സ്ഥാപിച്ചിരുന്ന കളി ഉപകരണങ്ങൾ, ഊഞ്ഞാലുകൾ, ബെഞ്ചുകൾ എല്ലാം ഇളക്കി മാറ്റിയത് വിവിധ ഇടങ്ങളിൽ കാട് മൂടിയ നിലയിലാണ്.





പാർക്കിന്റെ പ്രവർത്തനം അവസാനിച്ചു എന്നുമാത്രമല്ല ടേക്ക് എ ബ്രേക്ക് പദ്ധതിയും പ്രാവർത്തികമായില്ല. ദീർഘദൂരയാത്രക്കാർ കടന്നു പോകാത്ത സ്ഥലത്ത് സ്ഥാപിച്ച ടോയിലറ്റ് ബ്ലോക്കുകൾ യാത്രക്കാർക്ക് എത്രത്തോളം പ്രയോജനപ്പെടും എന്നതും ബോധ്യപ്പെടുന്നില്ല.
ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ ചെലവിൽ നിർമ്മിക്കുന്ന ടൂറിസം ഫെസിലിറ്റേഷൻ സെന്റർ, ഗ്രീൻ റൂം, സ്റ്റേജ് എന്നിവയുടെ നിർമ്മാണം പുരോഗമിക്കുന്നതായും ആയത് പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുന്നതാണെന്നും, പാർക്കിലെ ഉപകരണങ്ങൾ പുനസ്ഥാപിക്കുന്നതിന് നിർവ്വഹണ ഏജൻസിയ്ക്ക് നിർദ്ദേശം നൽകുന്നതാണെന്നും അറിയിച്ചു.
പ്രോജക്ടിന്റെ ആസൂത്രണത്തിലും നിർവ്വഹണത്തിലും ഉണ്ടായ വീഴ്ചകൾ ഭരണ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. പാർക്കിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിനും ടേക്ക് എ ബ്രേക്കിന്റെ പ്രയോജനം ആവശ്യക്കാർക്ക് ലഭ്യമാക്കുന്നതിനും ചുമതലപ്പെട്ടവർ നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം - 10/19.10.2022

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അങ്കണവാടി - പോഷകാഹാരം - കൽപ്പദാരു അമൃതം ഫുഡ് സപ്ലിമെന്റിന് അധിക തുക നൽകി.

2021-22 സാമ്പത്തിക വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി സ്പിൽഓവറായി നടപ്പിലാക്കിയ പദ്ധതിയാണ് അങ്കണവാടി-പോഷകാഹാരം (116/21-22). ഈ പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | അങ്കണവാടി - പോഷകാഹാരം (116/21-22) |
| അടങ്കൽ | 35,000/- (ബ്ലോക്ക് വിഹിതം) |

| | |
|---|---|
| ചെലവ് | 35,000/- (ചെക്ക് നമ്പർ - 5227531/11.10.21) |

ഈ പദ്ധതി പ്രകാരം കൽപ്പദാരു അമൃതം ഫുഡ് സപ്ലിമെന്റിന്റെ പേരിലുള്ള യൂണിയൻ ബാങ്കിന്റെ 336702010905327 എന്ന അക്കൗണ്ടിലേക്ക് ചെക്ക് നമ്പർ.5227531/11.10.21 പ്രകാരം 35,000/-രൂപ ഒടുക്കുവരുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവിനെ സാധൂകരിക്കുന്ന ചെലവ് രേഖകൾ, ഈ ചെലവിന്റെ അടിസ്ഥാനത്തിൽ അമൃതം ഫുഡ് സപ്ലിമെന്റ് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ ഈ തുക നൽകാനുണ്ടായിരുന്നില്ലായെന്ന് ബില്ലുകൾ പരിശോധിച്ചപ്പോൾ പിന്നാലെയാണ് ബോധ്യപ്പെട്ടത് എന്നാണ് നിർവഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുള്ളത്. കൂടാതെ, കൽപ്പദാരു അമൃതം ഫുഡ് സപ്ലിമെന്റിന് 2022-23 വർഷത്തിൽ നൽകാനുള്ള 31.08.2022 ലെ ഇൻവോയിസ് നമ്പർ 431 പ്രകാരം നൽകുവാനുള്ള 1,45,713/-രൂപയിൽ ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്നും നിർവഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ കൽപ്പദാരു അമൃതം ഫുഡ് സപ്ലിമെന്റിന് അധികം നൽകിയ 35,000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

നിരാകരിക്കുന്ന തുക - 35,000/-രൂപ
ഓഡിറ്റ് എൻക്വയറി നം – 11/21-22/19.10.22

### 3-2 നിർവ്വഹിക്കാത്ത പ്രവൃത്തിയ്ക്ക് തുക അനുവദിച്ചു.

പ്രോജക്ട് നം. - 99/22 – കളിപൊയ്കയിൽ ടോയിലറ്റ് കോംപ്ലക്സ് നിർമ്മാണം – ടേക്ക് എ ബ്രേക്ക്
നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി
അടങ്കൽ തുക – 8,19,166/-രൂപ
ഫണ്ട് - കോർപ്പറേഷൻ ഫോണ്ട് (അർബൻ അഗ്ലോമേഷൻ )
ചെലവ് – 8,19,166/-രൂപ
ചെക്ക് നം. - 6669083/24.02.2022
എഗ്രിമെന്റ് നം. – 43/എ.ഇ./എൽ.എസ്.ജി.ഡി./പി.കെ.എൽ.എം./20-21/9.02.21
കോൺട്രാക്ടർ - ശ്രീ. തുളസീധരൻ പിള്ള
പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഇനം. E3 ആയി .. Lettering With Black Japan Paint.. എന്ന ഇനത്തിന് 4,258.80/-രൂപ വകയിരുത്തുകയും, അളവ് പുസ്തകം 109 - പേജ് 39 പ്രകാരം 3,701.88/-രൂപ കരാറുകാരന് അനുവദിയ്ക്കുകയും ചെയ്തിട്ടുണ്ട്.
15.10.2022–ൽ എൽ.എസ്.ജി.ഡി ഓവർസീയറുടെ സാന്നിധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ മേൽ പ്രവൃത്തി നടത്തിയിട്ടില്ലായെന്ന് ബോധ്യപ്പെട്ടു.
നിർവ്വഹിക്കാത്ത പ്രവൃത്തിയ്ക്ക് തുക അനുവദിച്ചതിന് വിശദീകരണം തേടി നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, കരാറുകാരൻ ഫ്ലക്സ് ബോർഡ് സ്ഥാപിച്ചിട്ടുണ്ടെന്ന മറുപടി ലഭിച്ചു. ആയത് അംഗീകരിയ്ക്കാത്തതിനാൽ പ്രവൃത്തിയ്ക്കായി കരാറുകാരന് അനുവദിച്ച 3,702/-രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം – 10/19.10.2022

### 3-3 കളിപൊയ്കയിലും സ്കൂളുകളിലും ഇൻസിനേറ്ററും നാപ്കിൻ വെന്റിംഗ് യൂണിറ്റും സ്ഥാപിക്കൽ – വൈദ്യുതി കണക്ഷൻ നൽകി ഇൻസ്റ്റാൾ ചെയ്യുകയോ കമ്മീഷൻ ചെയ്യുകയോ ചെയ്തിട്ടില്ല.

2020-21 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് കളിപൊയ്കയിലും (ടേക്ക് എ ബ്രേക്ക്) സ്കൂളുകളിലും ഇൻസിനേറ്ററും നാപ്കിൻ വെന്റിംഗ് യൂണിറ്റും സ്ഥാപിക്കൽ (122/21-22). ഈ പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | കളിപൊയ്കയിലും (ടേക്ക് എ ബ്രേക്ക് ) സ്കൂളുകളിലും ഇൻസിനേറ്ററും നാപ്കിൻ വെന്റിംഗ് യൂണിറ്റും സ്ഥാപിക്കൽ(122/21-22). |
| അടങ്കൽ | 92,901/- (സി.എഫ്.സി ബേസിക് ഗ്രാന്റ്)<br>1,56,899/- (സി.എഫ്.സി ടൈഡ്) |
| ചെലവ് | 1,52,083/- (XVFC/2021-22/P/35/ 22.03.22) |

പൂതക്കുളം ഗ്രാമപഞ്ചായത്തിലെ കളിപൊയ്ക-ടേക്ക് എ ബ്രേക്ക്, പൂതക്കുളം ഗവ. എച്ച്.എസ്.എസ്, ചെമ്പകശേരി യു.പി. സ്കൂൾ എന്നിവിടങ്ങളിലായി ഇൻസിനേറ്റർ - നാപ്കിൻ വെന്റിംഗ് യൂണിറ്റിന്റെ ആകെ മൂന്ന് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനാണ് ഈ പദ്ധതി ആവിഷ്കരിച്ചത്. അക്രിഡിറ്റഡ് ഏജൻസിയായ റെയിഡ്കോ മുഖേന പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി 4.03.22-ൽ റെയിഡ്കോയുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. പ്രസ്തുത കരാർ പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്ത തീയതി മുതൽ ഒരു വർഷ കാലയളവിലേക്കാണ് സർവ്വീസ് ചാർജ് ഈടാക്കാതെ മെയിന്റനൻസ് വർക്കുകൾ ചെയ്യാൻ സപ്ലൈയർ ബാധ്യസ്ഥനായിട്ടുള്ളത്. ഇൻവോയിസ്- Klm/620 /2021-2022, 16.02.2022 പ്രകാരമാണ് റെയിഡ്കോ സാധനങ്ങൾ സപ്ലൈ ചെയ്തിട്ടുള്ളത്. 15.10.22 ൽ ഇതു സംബന്ധിച്ച് കളിപൊയ്ക-ടേക്ക് എ ബ്രേയ്ക്കിൽ ഭൗതിക പരിശോധന നടത്തിയതിൽ ഇൻസിനേറ്റർ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയത് വൈദ്യുതി കണക്ഷൻ നൽകി ഇൻസ്റ്റാൾ ചെയ്യുകയോ കമ്മീഷൻ ചെയ്യുകയോ ചെയ്തിട്ടില്ലെന്നും (വൈദ്യുതി കണക്ഷൻ നൽകിയിട്ടില്ല ) നാപ്കിൻ വെന്റിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടില്ലെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. പ്രവർത്തനം ആരംഭിച്ചിട്ടുപോലുമില്ലാത്ത ടേക്ക് എ ബ്രേക്ക് സെന്ററിലാണ് ഇൻസിനേറ്ററും, നാപ്കിൻ വെന്റിംഗ് യൂണിറ്റും സ്ഥാപിക്കുന്നതിനായി തുക ചെലവഴിച്ചിട്ടുള്ളത്.



19.10.2022 ൽ പൂതക്കുളം ഗവ. എച്ച്.എസ്.എസ്, ചെമ്പകശേരി യു.പി സ്കൂൾ എന്നിവിടങ്ങളിലായി ഭൗതിക പരിശോധന നടത്തിയതിൽ നാപ്കിൻ വെന്റിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടെങ്കിലും നാപ്കിൻ ഇൻസിനേറ്റർ വൈദ്യുതി കണക്ഷൻ നൽകി ഇൻസ്റ്റാൾ ചെയ്യുകയോ കമ്മീഷൻ ചെയ്യുകയോ ചെയ്തിട്ടില്ല (വൈദ്യുതി കണക്ഷൻ നൽകിയിട്ടില്ല). പ്രാദേശിക പരിശോധനയിൽ കളിപൊയ്ക-ടേക്ക് എ ബ്രേയ്ക്കിൽ നാപ്കിൻ വെന്റിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടില്ലെന്ന് ബോധ്യപ്പെട്ടതിനാൽ നാപ്കിൻ വെന്റിംഗ് യൂണിറ്റിനായി ചെലവഴിച്ച 18,345/-രൂപ (55033.59/3) ഓഡിറ്റ് നിരാകരിക്കുന്നു. കൂടാതെ മൂന്ന് യൂണിറ്റുകളും വൈദ്യുതി കണക്ഷൻ നൽകി ഇൻസ്റ്റാൾ ചെയ്യുകയോ കമ്മീഷൻ ചെയ്യുകയോ ചെയ്തിട്ടില്ലാത്തതിനാൽ മൂന്ന് യൂണിറ്റിനായി ചെലവഴിച്ച 1,33,738/-രൂപ (1,52,083 – 18,345 ) ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. (കളിപൊയ്ക - ടേക്ക് എ

ബ്രേയ്ക്കിൽ നാപ്കിൻ വെന്റിംഗ് യൂണിറ്റിനായി ചെലവഴിച്ച 18,345/-രൂപ കഴിച്ച്).

തടസ്സപ്പെടുത്തിയ തുക - 1,33,738/-രൂപ
നിരാകരിച്ച തുക - 18,345/- രൂപ

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 19/10/2022 & 20/10/2022 | കെ.എസ്.എ.കെ.എൽ.എം.പി5/2043/2022, തീ. 28.12.2022 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക(രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ്(രൂപ) | ബാലൻസ് (രൂപ) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 7,00,000/- | സ്മാർട്ട് അംഗനവാടി നിർമ്മാണം പ്രോജക്ട് നമ്പർ 57 | 3,14,373/- | 3,85,627/- |
| | | 3,29,800/- | സമഗ്രനെൽകൃഷി വികസനം പ്രോജക്ട് നമ്പർ 8 | 3,29,800/- | 0 |
| | | 35,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് പ്രോജക്ട് നമ്പർ 115 | 35,000/- | 0 |
| | | 3,75,000/- | അനുപൂരക പോഷകാഹാര പരിപാടി പ്രോജക്ട് നമ്പർ 9 | 3,75,000/- | 0 |
| | | 2,20,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് പ്രോജക്ട് നമ്പർ 10 | 2,20,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 17,31,968/- | ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങൽ പ്രോജക്ട് നമ്പർ 153 | 17,31,968/- | |
| ജില്ലാ പഞ്ചായത്ത് | | 3,50,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് പ്രോജക്ട് നമ്പർ 115 | 3,50,000/- | 0 |
| | | 1,00,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് പ്രോജക്ട് നമ്പർ 10 | 1,00,000/- | 0 |

| | | | | | |
|---|---|---|---|---|---|
| | | 3,00,000/- | അനുപൂരക പോഷകാഹാര പരിപാടി പ്രോജക്ട് നമ്പർ 9 | 3,00,000/- | |
| | | 3,89,317/- | 156-ാം അംഗനവാടി നിർമ്മാണം പ്രോജക്ട് നമ്പർ 83 | 3,89,317/- | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 4210037 | 9,09,400/- | - | 9,09,400/- |
| ഭൂജല വകുപ്പ് | കുഴൽക്കിണർ ഓവർഹെഡ് ടാങ്ക് നിർമ്മാണം | 6669093/19.03.22 | 3,98,000/- | - | 3,98,000/- |
| കേരള വാട്ടർ അതോറിറ്റി | ജലജീവൻ മിഷൻ | 4210037 UTR RBI3232163482299 | 5,99,850/- (Benificiary Contribution) 90,000/- | 14,99,850/- | 0 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 4210037 | 7,90,600/- | 0 | 7,90,600/- |
| ജലസേചന വകുപ്പ് | കരിയിലക്കുളം തോട് മാലിന്യം നീക്കൽ | UTR RBI081226924235 | 4,00,000/- | 4,00,000/- | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 0/-രൂപ വരവുണ്ട്. മുൻബാക്കി 4,00,000/- രൂപയിൽ, 4,00,000/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് നമ്പർ/ | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| ഉദ്ദേശ്യം | തീയതി | (രൂപ) | ബാക്കിയുണ്ടായിരുന്ന തുക (രൂപ) | (രൂപ) | | ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | സ.ഉ.68/2018 തീയതി-18/5/18 | - | 1,56,24,057/- | 2,59,60,00/- | - | 1,30,28,057/- |

## 4-6 സ്ഥിരനിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 90,169/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക(രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2011-12 | 3-2 | 2,000/- | ശ്രീമതി.എസ് അമ്പിളി | 121020100545/12.6.2021 |
| 2016-17 | 2-1 | 1,250/- | ശ്രീ.രാജീവ് | 121020102935/25.09.2021 |
| 2018-19 | 1-16, 3-2 | 13,200/- | ശ്രീമതി.ഷീജ വി.ജി | 121020104245 29/10/2021 |
| 2012-13, 2013-14 | 3-2 | 2,000/- | ശ്രീ. സുഭഗൻ | 121020104253 30/10/2021 |
| 2015-16 | 3-1 (2) | 22,724/- | ശ്രീ. സുരേഷ് കുമാർ റ്റി | 121020104448 30/10/2021 |
| 2012-13, 2013-14 | 3-2 | 1,765/- | ശ്രീ. സുഭഗൻ | 121020105267 03/12/2021 |
| 2010-11 | 3-8 | 6,936/- | ശ്രീമതി.ഇന്ദു എസ് എസ് | 121020105378 08/12/2021 |
| 2014-15 | 3-2 | 1,638/- | ശ്രീ. അശോകൻ പിള്ള | 121020104843 25/01/2022 |
| 2014-15 | 2-4 | 35,656/- | ശ്രീ. അജയകുമാർ | 121020107980 26/03/2022 |
| 2014-15 | 2-4 | 3,000/- | ശ്രീ. അജയകുമാർ | 121020107983 26/03/2022 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | | 2000-01 | 04-02-05 | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കുള്ള പദ്ധതി | അക്കൗണ്ട്സ് കമ്മറ്റി പരിഗണനയിൽ |

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക.

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക.

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 35,000/- | ശ്രീമതി. ലതിക പി.എസ്. ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-2 | | 3,702/- | ശ്രീമതി. ധന്യ എസ് നായർ, അസി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി |
| 3-3 | | 18,345/- | ശ്രീമതി. വി.ജി. ഷീജ (സെക്രട്ടറി) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 1,76,722/- | ഡോ. ലാലി മെഡിക്കൽ ഓഫീസർ (ഹോമിയോ ) |
| 1-15 | 36,99,711/- | ശ്രീമതി. വി. ജി. ഷീജ (സെക്രട്ടറി) |
| 1-16 | 1,50,520/- | ഡോ. ഷാലുമോൾ എസ്.എസ്. വെറ്റിനറി സർജൻ, |
| 1-17 | 96,949/- | ശ്രീമതി. വി. ജി. ഷീജ (സെക്രട്ടറി) |
| 1-20 | 72,244/- | ഡോ.ബിൻസിമോൾ മെഡിക്കൽ ഓഫീസർ (സി എച്ച് സി ) |
| 1-24 | 1,33,738/- | ശ്രീമതി. വി. ജി. ഷീജ (സെക്രട്ടറി) |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| | |
|---|---|
| ഖണ്ഡിക 1-7-1 | 1,37,300/-രൂപ. |

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീമതി. വി. ജി. ഷീജ | വിരമിച്ച | കോതേത്ത് വീട്,<br>പൊഴിക്കര, പരവൂർ<br>പി.ഒ-691301 |
| ഡോ. ഷാലുമോൾ<br>എസ്.എസ്. | വെറ്റിനറി സർജൻ, പൂതക്കുളം<br>ഗ്രാമപഞ്ചായത്ത് | കരുണ, പേരയം, കുമ്പളം<br>പി.ഒ, കുണ്ടറ |
| ശ്രീമതി. ലതിക പി.എസ്.<br>ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ<br>പൂതക്കുളം ഗ്രാമപഞ്ചായത്ത് | പ്രണവം, വ്ലാത്തങ്കര പി.ഒ,<br>തിരുവനന്തപുരം |
| ഡോ. ലാലി<br>മെഡിക്കൽ ഓഫീസർ<br>(ഹോമിയോ ) | മെഡിക്കൽ ഓഫീസർ (ഹോമിയോ )<br>പൂതക്കുളം ഗ്രാമപഞ്ചായത്ത് | ഹരിശ്രീ, ചേർക്കുന്നം,<br>വർക്കല |
| ശ്രീമതി. ധന്യ എസ്<br>നായർ,<br>അസി. എഞ്ചിനിയർ,<br>എൽ .എസ്.ജി.ഡി | തിരുവനന്തപുരം കോർപ്പറേഷൻ | അശ്വതി, പാർവ്വതീപുരം,<br>ആറ്റിങ്ങൽ |
| ഡോ.ബിൻസിമോൾ<br>മെഡിക്കൽ ഓഫീസർ<br>(സി എച്ച് സി ) | മെഡിക്കൽ ഓഫീസർ (സി എച്ച് സി<br>)<br>പൂതക്കുളം ഗ്രാമപഞ്ചായത്ത് | ഗിരി നിവാസ്,<br>ഏറം നോർത്ത്, ചാത്തന്നൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | കെ.എസ്.എ-കെ.എൽ.എം-പി 5/34/22, തീ. 10.10.22 | 0 |
| 2003-04 | കെ.എസ്.എ-കെ.എൽ.എം-പി 5/371(7)/2018, തീ. 23-2-18 | 2 |
| 2004-05 | കെ.എസ്.എ-കെ.എൽ.എം-പി 5/33/22 തീ. 28-11-22 | 0 |
| 2005-06 | കെ.എസ്.എ-കെ.എൽ.എം-പി 5/32/22, തീ. 28-11-22 | 0 |
| 2006-07 | കെ.എസ്.എ-കെ.എൽ.എം-പി 5/31/22,<br>തീ. 28-11-22 | 3 |
| 2007-08 | കെ.എസ്.എ-കെ.എൽ.എം-പി 5/30/22,<br>തീ. 1-08-22 | 3 |
| 2008-09 | കെ.എസ്.എ-കെ.എൽ.എം-പി 5/805 (3)/19, തീ. 12-06-19 | 2 |
| 2009-10 | കെ.എസ്.എ-കെ.എൽ.എം-പി 5/805 (4)/19, തീ. 12-06-19 | 1 |
| 2010-11 | കെ.എസ്.എ-കെ.എൽ.എം-പി 5/28/22, തീ. 23-11-22 | 0 |
| 2011-12 | കെ.എസ്.എ-കെ.എൽ.എം-പി 5/അദാലത്ത്<br>2011-12/922/22 തീ. 25.08.22 | 7 |
| 2012-13 & 2013-14 | കെ.എസ്.എ-കെ.എൽ.എം-പി 5/അദാലത്ത്<br>2012-13 & 2013-14/922/22 തീ. 25.08.22 | 8 |

| | | |
|---|---|---|
| 2014-15 | കെ.എസ്.എ-കെ.എൽ.എം. പി-5/അദാലത്ത് 2014-15/922/22 തീ. 25.08.22 | 13 |
| 2015-16 | കെ.എസ്.എ-കെ.എൽ.എം.പി-5/അദാലത്ത് 2015-16/922/22 തീ. 25.08.22 | 5 |
| 2016-17 | കെ.എസ്.എ-കെ.എൽ.എം. പി-5/1324/21 തീ. 02.11.22 | 10 |
| 2017-18 | കെ.എസ്.എ-കെ.എൽ.എം. പി-5/12/2020 തീ. 09.03.2020 | 2 |
| 2018-19 | കെ.എസ്.എ-കെ.എൽ.എം. പി-5/1859/2019 തീ. 06.02.2020 | 5 |
| 2019-20 | കെ.എസ്.എ-കെ.എൽ.എം.പി-5/954/21 തീ. 26.8.21 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ-കെ.എൽ.എം.പി-5/955/21 തീ. 07.09.21 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

അനുബന്ധം-3

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്